**പതിമൂന്നാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011-2014)

**ഒമ്പതാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-08)-യുടെ ഏഴാമത് റിപ്പോർട്ടിലെ
(സഹകരണ വകുപ്പിനെ സംബന്ധിച്ച്) ശുപാർശകളിൻമേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച്]

(2013 ജൂലൈ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011-2014)

ഒമ്പതാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-08)-യുടെ ഏഴാമത് റിപ്പോർട്ടിലെ
(സഹകരണ വകുപ്പിനെ സംബന്ധിച്ച്) ശുപാർശകളിൻമേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച്]

1040/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അനുബന്ധം | .. | 25 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)

### ഘടന

<u>അദ്ധ്യക്ഷൻ</u>

ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.

<u>അംഗങ്ങൾ</u>

ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം.എൽ.എ.

,, എം. എ. ബേബി "

,, എ. കെ. ബാലൻ "

,, ഡൊമിനിക് പ്രസന്റേഷൻ "

,, ഇ. പി. ജയരാജൻ "

,, സി. മോയിൻകുട്ടി "

,, കെ. മുരളീധരൻ "

,, കെ. രാജു "

,, എ. കെ. ശശീന്ദ്രൻ "

,, സി. എഫ്. തോമസ് "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം ഒമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2013 ജൂലൈ മാസം 3-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ജൂലൈ 3.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിനൊന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-08)-യുടെ ഏഴാമത് റിപ്പോർട്ട് (സഹകരണ വകുപ്പിനെ സംബന്ധിച്ച്) 18-3-2008-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 31 ശുപാർശകളാണ് ഉണ്ടായിരുന്നത്.

2. ശുപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 24-11-2008-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശുപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകളും സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും 30-9-2009, 31-8-2010, 20-9-2012, 4-12-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. മേൽവിവരിച്ച ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ/നിർദ്ദേശങ്ങളും അവയിൻമേൽ സർക്കാർ സ്വീകരിച്ചതും, സമിതി അംഗീകരിച്ചതുമായ അനന്തരനടപടികളുമാണ് ഈ റിപ്പോർട്ടിലെ ഉള്ളടക്കം.

## അദ്ധ്യായം II

ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ (ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്).

### ശുപാർശ 1 (ഖണ്ഡിക 10)

കേരളീയ ജനസാമാന്യത്തെ ഏറെ സ്വാധീനിക്കുന്നതും അവരുടെ ദൈനംദിന പ്രവർത്തനത്തിൽ ചലനങ്ങളുണ്ടാക്കുന്നതുമായ സഹകരണ പ്രസ്ഥാനം കാലത്തിനനുസരിച്ച് ഇനിയും മാറേണ്ടിയിരിക്കുന്നു. ആയതിനാൽ സഹകരണ വകുപ്പ് കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

സഹകരണ വകുപ്പ് കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി 27-5-2008-ലെ ജി.ഒ. (എംഎസ്.) 126/08/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ ഒരു ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുകയും ആയതിലേക്ക് ഒരു ആഡിറ്റ് ഡയറക്ടറുടെ തസ്തിക ഉൾപ്പെടെ 13 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആഡിറ്റ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു. കൂടാതെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

സഹകരണ വകുപ്പിന്റെ ജനറൽ വിഭാഗം കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആയതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഒരു സമിതി രൂപീകരിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.

ശുപാർശ 2 (ഖണ്ഡിക 18)

2000 മാർച്ച് മാസത്തിൽ ആഡിറ്റ് കുടിശ്ശിക 33,339 ആയിരുന്നു. 2006 മാർച്ച് മാസമായപ്പോൾ ആഡിറ്റ് കുടിശ്ശികയിൽ നാമമാത്രമായ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നാണ് സമിതി വിലയിരുത്തുന്നത്. ആഡിറ്റ് കുടിശ്ശിക സംബന്ധിച്ച് മേൽകാണിച്ച കണക്ക് നോക്കുമ്പോൾ ഇക്കാര്യം ബോധ്യമാകുന്നുണ്ട്. സമൂഹത്തിൽ രൂഢമായി കൊണ്ടിരിക്കുന്ന അഴിമതി പ്രതിരോധിക്കാൻ ഒരു പരിധിവരെ സഹകരണ മേഖലയ്ക്കു കഴിയുന്നുവെങ്കിലും അതിന്റെ സ്വാധീനത്തിൽനിന്നും സഹകരണ മേഖലയും മുക്തമല്ല. അഴിമതി, സാമ്പത്തിക കെടുകാര്യസ്ഥത തുടങ്ങി പല ദുഷ്പ്രവണതകളും മഹത്തരവും ജനകീയവുമായ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് തടസ്സമാകാൻ പാടില്ലാത്തതാണ്. കൃത്യവും കാര്യക്ഷമവുമായ ആഡിറ്റ് സംവിധാനത്തിലൂടെ അനഭിലഷണീയ പ്രവണതകൾ കണ്ടെത്തി സമയബന്ധിതമായി പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. കൃത്യവും ശാസ്ത്രീയവും സമയബന്ധിതവുമായ ആഡിറ്റ് സംവിധാനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി ആഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു. കേവലമൊരു കണക്കുപരിശോധന എന്നതിലുപരി സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച സമഗ്രമായ അന്വേഷണവും പഠനവുമായിരിക്കണം ആഡിറ്റ് എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓരോ വർഷത്തെയും കണക്കുകൾ തൊട്ടടുത്ത വർഷംതന്നെ ആഡിറ്റ് നടത്തുകയും പോരായ്മകൾ പരിഹരിച്ചു മുന്നോട്ട് പോകാനുതകുന്ന തീരുമാനങ്ങൾ കാലവിളംബം കൂടാതെ എടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2008 സെപ്റ്റംബർ മാസത്തെ ആഡിറ്റ് കുടിശ്ശിക 15,526 സ്ഥാപനങ്ങളിലായി ആകെ 31,444 ആണ്. എന്നാൽ ബാങ്കിംഗ് റെഗുലേറ്ററി ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയുടെ 2007-08 വർഷത്തെ ആഡിറ്റ് 30-9-2008-നു മുൻപ് പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ആഡിറ്റ് 2005-06 വരെ പൂർത്തിയായിട്ടുണ്ട്. തുടർന്നുള്ള ആഡിറ്റുകൾ 2006-07 വരെ 75 ശതമാനത്തിലധികവും 2007-08 വർഷത്തെ ആഡിറ്റ് 30 ശതമാനവും പൂർത്തിയായിട്ടുണ്ട്. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ആഡിറ്റ് 2006-07 പൂർണ്ണമായും 2007-08 വർഷം 60 ശതമാനത്തിലധികവും പൂർത്തിയായിട്ടുണ്ട്. കയർ, കൈത്തറി സംഘങ്ങളുടെ 2006-07 വരെയുള്ള ആഡിറ്റുകൾ പൂർത്തിയായിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് സമഗ്രമായ അന്വേഷണവും വിലയിരുത്തലും നടത്തുന്ന രീതിയിലാണ് ഇപ്പോൾ നിലവിലുള്ള

ആഡിറ്റ് സംവിധാനം. കൂടാതെ സഹകരണ സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുമ്പോൾ സ്ഥാപനത്തിന്റെ ഭരണപരമായ കാര്യങ്ങൾകൂടി പരിശോധിച്ചു കൊണ്ടാണ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നത്.

ആഡിറ്റിൽ കുടിശ്ശിക ഉണ്ടായിട്ടുള്ളതിൽ പ്രധാനകാരണം കഴിഞ്ഞ 3 വർഷത്തിലേറെ കാലമായി ആഡിറ്റ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന 300-ൽപ്പരം തസ്തികകൾ ഒഴിഞ്ഞുകിടന്നിരുന്നതാണ്. പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടന്നില്ലായിരുന്നെങ്കിൽ പ്രതിവർഷം ഏകദേശം 10000-ൽ അധികം ആഡിറ്റുകൾ നടത്താൻ കഴിയുന്നതും അതുവഴി നിലവിലുള്ള ആഡിറ്റ് കുടിശ്ശികകൾ പൂർണ്ണമായിത്തന്നെ നികത്താൻ കഴിയുമായിരുന്നു.

എന്നാൽ പി.എസ്.സി. മുഖേന സഹകരണ ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽവന്ന സാഹചര്യത്തിൽ ഒഴിവുകൾ നികത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമകാലീനമാക്കാൻ താഴെപ്പറയുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്:

(1) കയർ കൈത്തറി സഹകരണ സംഘങ്ങൾ—സഹകരണ വർഷം അവസാനിച്ച് 6 മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) മറ്റു വ്യവസായം, ഖാദി, ക്ഷീര വ്യവസായം—സഹകരണവർഷം അവസാനിച്ച് 9 മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) ഫിഷറീസ് തുടങ്ങി മറ്റ് ഭരണവകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ബാക്കി സഹകരണ സ്ഥാപനങ്ങൾ—സഹകരണവർഷം അവസാനിച്ച് 1 വർഷത്തിനുള്ളിൽ.

(4) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ—സഹകരണ വർഷം അവസാനിച്ച് 1 വർഷത്തിനുള്ളിൽ.

(5) ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകൾ—എല്ലാ വർഷവും സെപ്റ്റംബർ മാസത്തിനുള്ളിൽ.

(6) അർബൻ സഹകരണ ബാങ്കുകൾ—30.09-നകം.

(7) പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ—30.09-നകം.

(8) മുകളിൽ സൂചിപ്പിച്ചിട്ടുള്ളതല്ലാതെയുള്ള എല്ലായിനം സഹകരണ സ്ഥാപനങ്ങളുടെയും ആഡിറ്റുകൾ അടുത്ത 1 വർഷത്തിനുള്ളിൽത്തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

ശുപാർശ 3 (ഖണ്ഡിക 19)

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെയെല്ലാം ആഡിറ്റ് നടത്തുന്നതിലേക്കായി സംസ്ഥാനമൊട്ടാകെ അധികാരപരിധിയുള്ള ഡയറക്ടർ ഓഫ് കോപ്പറേറ്റീവ് ആഡിറ്റ് എന്ന ഉദ്യോഗസ്ഥനെ സർക്കാർ നിയമിക്കണമെന്ന വ്യവസ്ഥ

1-1-2000-ന് നിലവിൽവന്ന സഹകരണ സംഘം (ഭേദഗതി) നിയമം 63-ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ 8 വർഷങ്ങൾ പിന്നിട്ടിട്ടും പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടില്ലാത്തതിനാൽ ആഡിറ്റ് മാന്വൽ പരിഷ്കരണമുൾപ്പെടെയുള്ള പല പ്രവർത്തനങ്ങളും നടത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഡയറക്ടർ ഓഫ് കോപ്പറേറ്റീവ് ആഡിറ്റ് എന്ന ഉദ്യോഗസ്ഥനെ ഉടനെ നിയമിക്കണമെന്നും ആഡിറ്റ് വിഭാഗത്തിന്റെ പുനഃസംഘടനയും ആഡിറ്റ് മാന്വൽ പരിഷ്കരണവും ഉടൻ നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് ഇതിനകംതന്നെ സർക്കാരിന്റെ ജി.ഒ. (എംഎസ്.) 126/08/സഹ. തീയതി 27-5-2008 പ്രകാരം രൂപീകരിക്കുകയും കുറച്ചു ജീവനക്കാരെ നിയമിച്ചുകൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. സ.ഉ. (സാധാ.) നമ്പർ 74/09/സഹ. തീയതി 6-2-2009 പ്രകാരം ഡയറക്ടർ ഓഫ് കോപ്പറേറ്റീവ് ആഡിറ്റിനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനുള്ള വിദഗ്ധ സമിതി സർക്കാരിന്റെ 3-1-2008-ലെ സ.ഉ. (സാധാ.) 9/08/സഹ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. ഇ. നാരായണന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ ആയത് പരിശോധിച്ച് ആഡിറ്റ് മാന്വൽ പരിഷ്കരണം നടപ്പിലാക്കുന്നതാണ്.

<u>ശുപാർശ 4 (ഖണ്ഡിക 20)</u>

2005-06-ൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് ഭരണ പരിഷ്കാരങ്ങൾക്കായി 200 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും 26.98 ലക്ഷം രൂപ മാത്രമാണ് ഈയിനത്തിൽ ചെലവഴിച്ചത്. ബഡ്ജറ്റുവിഹിതം പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം സമിതിയെ അറിയിക്കണമെന്നും അനുവദിക്കുന്ന വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2005-06 സാമ്പത്തിക വർഷത്തിൽ ഡയറക്ടർ ഓഫ് കോപ്പറേറ്റീവ് ആഡിറ്റിനായി പ്രത്യേക ആഫീസ് രൂപീകരിക്കാൻ സാധിക്കാതെ വന്നതിനാൽ മേപ്പടി വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. ആഡിറ്റ് ഡയറക്ടറെ ഇതിനകം നിയമിച്ചിട്ടുള്ളതിനാൽ 2008-09 വർഷം മുതൽ ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന മുഴുവൻ തുകകളും ചെലവഴിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

2008-09 സാമ്പത്തിക വർഷത്തിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് ഭരണ പരിഷ്കാരങ്ങൾക്കായി എന്തുതുക ചെലവഴിച്ചുവെന്നാരായാൻ തീരുമാനിച്ചു.

സർക്കാർ സ്വീകരിച്ച നടപടികൾ

2005-06 സാമ്പത്തികവർഷത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സാധിക്കാതെവന്നതിനാൽ പ്രസ്തുത വർഷം മേപ്പടി ആവശ്യത്തിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. ആഡിറ്റ് ഡയറക്ടറുടെ നിയമനം നടന്നതിനുശേഷം 2008-09 സാമ്പത്തികവർഷം മുതൽ തുടർന്നുള്ള വർഷങ്ങളിൽ ബഡ്ജറ്റിൽ വകകൊള്ളിച്ച തുകകൾ ചെലവഴിച്ചുവരുന്നു.

2008-09 സാമ്പത്തികവർഷം സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിനുവേണ്ടി ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിരുന്നില്ലെങ്കിലും എസ്.ഡി.ജി. വഴി 2425-101-92-05(4) എന്ന ശീർഷകത്തിൽ ഒരുലക്ഷം രൂപയും 2425-101-92-34 എന്ന ശീർഷകത്തിൽ 1,50,000 രൂപയും വകയിരുത്തിയിരുന്നു. ആയത് മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. 2009-10 മുതൽ 2011-12 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെയും ചെലവാക്കിയ തുകയുടെയും കണക്കുകൾ താഴെക്കൊടുക്കുന്നു:

| | ബഡ്ജറ്റ് തുക | ചെലവ് |
|---|---|---|
| 2009-10 | 66,31,000.00 | 22,14,600.00 |
| 2010-11 | 82,40,000.00 | 50,03,654.00 |
| 2011-12 | 104,70,000.00 | 4,05,636.00 (except salary items) |

ശുപാർശ 5 (ഖണ്ഡിക 23)

പരാതികളിൽ സമയബന്ധിതമായി അന്വേഷണം നടത്തി മേൽനടപടികൾ സ്വീകരിക്കേണ്ടത് സഹകരണപ്രസ്ഥാനത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. വേഗതയാർന്നതും കാര്യക്ഷമവുമായ അന്വേഷണത്തിലൂടെ സഹകരണ മേഖലയെ അപചയപ്പെടുത്തുന്ന അനഭിലഷണീയ പ്രവണതകൾ കണ്ടെത്തി ഇല്ലായ്മ ചെയ്ത് സഹകരണ മേഖലയെ കൂടുതൽ ജനകീയ പ്രസ്ഥാനമാക്കി മാറ്റുന്നതിന് സഹകരണ വിജിലൻസ് വിഭാഗത്തെ കൂടുതൽ കരുത്തുറ്റതും കാര്യക്ഷമവുമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1969 കേരള സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം 2-2-2008-ലെ ജി.ഒ. (എംഎസ്.) 41/08/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ കേരള സംസ്ഥാനം മുഴുവൻ അധികാരപരിധിയോടുകൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ആഫീസറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. വിജിലൻസ് ആഫീസിന്റെ പ്രവർത്തനം തിരുവനന്തപുരം ആസ്ഥാനമായി കോ-ബാങ്ക് ടവേഴ്സിൽ പ്രവർത്തിച്ചുവരുന്നു.

ഡി.ഐ.ജി. വിജിലൻസിന്റെ കീഴിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ഡിഐജി.-മാരുടെ നിയന്ത്രണത്തിൽ ഓരോ സോണൽ ആഫീസുകൾ പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക ക്രമക്കേടുകൾ, രേഖകൾ നശിപ്പിക്കൽ, വഞ്ചന, കൃത്രിമം കാണിക്കൽ തുടങ്ങിയവ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ അന്വേഷിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിജിലൻസ് ആഫീസിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി കൂടുതൽ ഉദ്യോഗസ്ഥരെ ആവശ്യമുണ്ട്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം നിലനിൽക്കുന്നതിനാൽ കൂടുതൽ തസ്തികകൾ അനുവദിക്കാൻ കഴിയില്ല.

## സമിതി ആവശ്യപ്പെട്ട അധികവിവരം

സഹകരണ വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഒരു വർഷത്തിനകം എടുത്തിട്ടുള്ള കേസ്സുകളുടെ എണ്ണം, അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആരായാൻ തീരുമാനിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

1969 കേരള സഹകരണ നിയമം വകുപ്പ് 68(എ) അനുസരിച്ച് 2-2-2008-ലെ ജി.ഒ. (പി) 41/08/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ കേരള സംസ്ഥാനം മുഴുവൻ അധികാരപരിധിയോടുകൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ആഫീസറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന വിജിലൻസ് വിഭാഗത്തിന് ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ മൂന്ന് മേഖല ആഫീസുകൾ പ്രവർത്തിക്കുന്നു. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ റാങ്കിലുള്ള ഉദ്യോഗസ്ഥർ ഓരോ മേഖലയുടെയും ചുമതല വഹിക്കുന്നു. ഓരോ മേഖലാ ആഫീസറുടെ കീഴിലും ഒരു സർക്കിൾ ഇൻസ്പെക്ടറും അവരുടെ കീഴിൽ സിവിൽ പോലീസ് ആഫീസർമാരും സേവനമനുഷ്ഠിച്ചുവരുന്നു. കൂടാതെ മേഖലാ ആഫീസുകളുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഓരോ മേഖലയിലും ഡെപ്യൂട്ടി രജിസ്ട്രാർമാരെയും രണ്ട് സഹകരണ ഇൻസ്പെക്ടർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഭരണപരമായ കാര്യങ്ങൾ സുഗമമായി നടത്തുന്നതിന് ജോയിന്റ് രജിസ്ട്രാറെ സഹകരണ വിജിലൻസ് ആഫീസറുടെ കാര്യാലയത്തിൽ നിയമിച്ചിട്ടുണ്ട്.

15-10-2012 വരെ ആകെ 233 പരാതികളാണ് രജിസ്ട്രാറുടെ ആഫീസിൽ നിന്നും അന്വേഷണത്തിനും, റിപ്പോർട്ടിനുമായി വിജിലൻസ് ആഫീസർക്ക് അയച്ചുകൊടുത്തത്. ആയതിൽ 128 പരാതികൾ സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയാക്കുകയും ഇതിൽ 36 പരാതികൾ സംബന്ധിച്ചുള്ള കേസുകളിൽ കുറ്റാരോപിതർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം, അഴിമതി നിരോധനനിയമം എന്നീ നിയമങ്ങളിലെ പ്രസക്ത വകുപ്പുകൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. വിജിലൻസ് ആഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചുവരുന്നു.

ശുപാർശ 6 (ഖണ്ഡിക 25)

സഹകരണ സംഘങ്ങളിലെ ചെലവുകളിലെ ധാരാളിത്തം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം സഹകരണ സംഘങ്ങളിലെ അധിക ഫണ്ട് ലാഭകരമായി വിനിയോഗിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സഹകരണ സംഘങ്ങളിലെ ചെലവുകളുടെ ധാരാളിത്തം നിയന്ത്രിക്കുന്നതിനും അധികഫണ്ട് ലാഭകരമായി വിനിയോഗിക്കുന്നതിനും കർശനനിർദ്ദേശം സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ജനകീയ കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിൽ മിക്കവാറും ചെലവുകളുടെ ധാരാളിത്തം നിയന്ത്രിക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നുണ്ട്. ആയത് നിയന്ത്രിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് കർശനനിർദ്ദേശം വീണ്ടുംനൽകുന്നതാണ്.

ശുപാർശ 7 (ഖണ്ഡിക 26)

വായ്പാ പലിശനിരക്കിലുണ്ടായ കുറവ് പുത്തൻ സാമ്പത്തികനയത്തിന്റെ നേട്ടമായി പ്രകീർത്തിക്കപ്പെട്ടിരുന്നുവെങ്കിലും വായ്പാ പലിശനിരക്ക് ഈയിടെ വർദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്. നിക്ഷേപങ്ങൾക്ക് പലിശനിരക്ക് ഉയർത്തുമ്പോൾ വായ്പാ പലിശനിരക്കും ഉയർത്തേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമില്ലെങ്കിലും വായ്പയെക്കാൾ കൂടുതൽ നിക്ഷേപമുള്ളതിനാൽ നഷ്ടം സംഭവിക്കുന്ന ബാങ്കുകളും ഉള്ള സാഹചര്യത്തിൽ വായ്പാ പലിശനിരക്ക് ഉയർത്തുന്ന പ്രവണത നിയന്ത്രിക്കുന്നതിനും കൂടുതൽ തുക വായ്പ നൽകാനും വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിനും സംഘാംഗങ്ങളെ പ്രേരിപ്പിക്കുന്നതിനും നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശനിരക്കും വായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്കും സെൻട്രൽ ബാങ്ക് കോൺഫറൻസ് കാലാകാലങ്ങളിൽ യോഗംചേർന്ന് വിശകലനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ വായ്പാ നിക്ഷേപ പലിശനിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുകയും ചെയ്തുവരുന്നു. സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ക്യാഷ് ലിക്വിഡിറ്റി നിലനിർത്തുന്നതിന് നിക്ഷേപങ്ങളിൽനിന്നും തരളധനം നീക്കിവച്ചും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽവരുന്ന ബാങ്കുകൾ സി.ആർ.ആർ., എസ്.എൽ.ആർ. മാനദണ്ഡങ്ങൾ പാലിച്ചും വായ്പകൾ നൽകിവരുന്നു. ആയതിനാൽ നിക്ഷേപം അധികരിച്ചതുകൊണ്ട് മാത്രം നഷ്ടം സംഭവിക്കുന്നതു വിരളമാണ്. വാണിജ്യ/പൊതുമേഖല ബാങ്കുകളെ അപേക്ഷിച്ച്, സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിക്ഷേപ/വായ്പ മേഖലയിൽ ആകർഷകമായ പലിശനിരക്കുകളാണ് നിലവിലുള്ളത്. കൂടാതെ വായ്പാത്തുക

കൃത്യമായി തിരിച്ചടയ്ക്കുന്നതിന് പ്രോത്സാഹനമായി പല പദ്ധതികളും നിലവിലുണ്ട്. ഉദാഹരണമായി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെയും വായ്പകൾക്ക് സഹകരണ പലിശ നിരക്കിനേക്കാൾ 2% കുറച്ചുള്ള പലിശനിരക്കാണ് ഈടാക്കിവരുന്നത്. മാത്രമല്ല സഹകാരികൾക്കും, പൊതുജനങ്ങൾക്കും പ്രയോജനകരമായി വിവിധ വായ്പാ തിരിച്ചടവു പദ്ധതികൾ കാലാനുസൃതമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ശുപാർശ 8 (ഖണ്ഡിക 27)

വായ്പാ തിരിച്ചടവിലുള്ള അലംഭാവമാണ് പ്രാഥമിക സഹകരണ സംഘങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. കൃത്യമായി തവണകൾ തിരിച്ചടയ്ക്കുന്നവർക്ക് ചില സംഘങ്ങൾ പ്രോത്സാഹനമായി ചില ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ആയതിനാൽ എല്ലാ സംഘങ്ങളും വായ്പാത്തുക കൃത്യമായി അടയ്ക്കുന്നവർക്ക് പ്രോത്സാഹനമായി ഇൻസെന്റീവ് നൽകുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളുടെ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്ന തിനായി, പ്രസ്തുത വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ആയത് പ്രകാരം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിൽനിന്നും ഹ്രസ്വകാല കാർഷിക വായ്പകൾ എടുത്ത് കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശബാദ്ധ്യത സർക്കാർ വഹിക്കുകയും പ്രസ്തുത വായ്പകൾ പലിശരഹിത കാർഷികവായ്പകളായി മാറുകയുംചെയ്യുന്നു.

ശുപാർശ 9 (ഖണ്ഡിക 28)

ധനശേഷിയുള്ള പ്രാഥമിക സഹകരണ ബാങ്കുകൾ പാവപ്പെട്ടവർക്കും ഇടത്തര ക്കാർക്കുമുള്ള ചെറിയ ഭവനങ്ങളുടെ നിർമ്മാണത്തിന് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വാസയോഗ്യമായ വീടില്ലാത്ത എല്ലാ ദരിദ്രകുടുംബങ്ങൾക്കും വീട് ലഭ്യമാക്കുക യെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പരിപാടി പ്രോജക്ടുകൾക്ക് സഹകരണ സംഘങ്ങൾ/ബാങ്കുകൾ 9 മുതൽ 15% വരെ പലിശനിരക്കിൽ വായ്പ നൽകിവരുന്നു.

ശുപാർശ 10 (ഖണ്ഡിക 31)

തകർന്നുകൊണ്ടിരിക്കുന്ന കാർഷികമേഖലയെ ഊർജ്ജസ്വലമാക്കുന്നതിന് ലാന്റ് മോർട്ട്ഗേജ് ബാങ്കുകൾ കൂടുതൽ ലളിതവും വേഗതയാർന്നതുമായ വായ്പാരീതി പിന്തുടരണമെന്നും കുറഞ്ഞ പലിശയ്ക്ക് കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ശ്രദ്ധ ചെലുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു. നെൽക്കർഷകർക്കും ക്ഷീര കർഷകർക്കും യഥാക്രമം കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുന്ന കാര്യവും പരിഗണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നെൽക്കർഷകരെ സഹായിക്കുന്നതിനും നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2008 വർഷത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ച് നെൽക്കൃഷിക്കുള്ള പലിശരഹിത വായ്പ പദ്ധതി കൃഷിവകുപ്പിന്റെ സഹകരണത്തോടെ 2009 മുതൽ സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുകയുണ്ടായി. കാർഷിക അനുബന്ധ മേഖലയിൽ ഉൾപ്പെടുത്തി ആട്, മാട്, കോഴി, താറാവ്, മത്സ്യം എന്നിവ വളർത്തുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന കുറഞ്ഞ പലിശനിരക്കിൽ വായ്പാ വിതരണത്തിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ശുപാർശ 11 (ഖണ്ഡിക 33)

സ്വയംസഹായ സംഘങ്ങൾക്ക് ഗ്രാമീണ/ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചു നടത്തിക്കൊണ്ടുപോകുന്നതിനുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നബാർഡ് മാനദണ്ഡമനുസരിച്ച് സ്വയംസഹായ സംഘങ്ങളെ ഗ്രേഡിംഗ് നടത്തി, യോഗ്യത നേടുന്ന സ്വയംസഹായ സംഘങ്ങൾക്ക് ഗ്രാമീണ/ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ മതിയായ വായ്പ നൽകുന്നതിന് സ്വയംസഹായ സംഘങ്ങൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നതാണ്. അതോടൊപ്പം എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള സബ്സിഡി മാനദണ്ഡം പാലിച്ചുകൊണ്ട് വാർഷിക പദ്ധതിയിൽ സബ്സിഡിയോടെ ഇത്തരം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്വയംസഹായ ഗ്രൂപ്പുകൾക്ക് വായ്പ നൽകുന്നതിന് പുതിയ പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 12 (ഖണ്ഡിക 35)

വനിതാ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണിയൊരുക്കുന്നതിനും അവർക്ക് ലാഭകരമായ പ്രവർത്തനത്തിന് മാർഗ്ഗദർശനം നൽകുന്നതിനും സഹകരണവകുപ്പ് പ്രത്യേക ശ്രദ്ധ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഉത്സവവേളകളിൽ സർക്കാർ സംഘടിപ്പിക്കുന്ന വിപണന മേളകൾവഴി വനിതാ സഹകരണസംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ഒരുക്കുന്നുണ്ട്. സർക്കാർ ധനസഹായം, ലാഭകരമായ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന കാര്യത്തിൽ സഹകരണവകുപ്പ് പ്രത്യേക ശ്രദ്ധചെലുത്തുന്നുണ്ട്.

ശുപാർശ 13 (ഖണ്ഡിക 38)

ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാനും നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനും ശ്രമം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളും പ്രാഥമിക ഉപഭോക്തൃ സംഘങ്ങളും ആധുനികവൽക്കരിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൺസ്യൂമർ ഫെഡറേഷന്റെ 2004-05 വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. 31-3-2006-ലെ സ്ഥാപനത്തിന്റെ ആഡിറ്റ് ചെയ്ത് കണക്കുകൾ പ്രകാരമുള്ള സഞ്ചിത നഷ്ടം 60.18 കോടി രൂപയാണ്. ഈ സ്ഥാപനത്തിന്റെ ആഡിറ്റ് 31-8-2009-നകം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കൺസ്യൂമർ ഫെഡറേഷന് നഷ്ടം കുറയ്ക്കുന്നതിനും ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ, പ്രാഥമിക കൺസ്യൂമർ സംഘങ്ങൾ എന്നിവ ആധുനികമാക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മൊത്ത വ്യാപാര സ്റ്റോറുകളെ പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള തീരുമാനമനുസരിച്ച് തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലാ മൊത്തവ്യാപാര സ്റ്റോറുകൾക്ക് സാമ്പത്തിക സഹായത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനത്തിൽ 90,000 രൂപയും, സബ്സിഡി ഇനത്തിൽ 10,000 രൂപയും 3 തവണയായി 3 ലക്ഷം രൂപ സാമ്പത്തികസഹായം നൽകിവരുന്നു. കൂടാതെ വിൽപ്പനയുടെ അടിസ്ഥാനത്തിൽ പരമാവധി 2 ലക്ഷം രൂപ വരെ ഓഹരി മൂലധനമായും നൽകുന്നു. കൂടാതെ പ്രാഥമിക കൺസ്യൂമർ സംഘങ്ങൾക്ക് റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ നടത്തുന്നതിന് ചതുരശ്ര അടി വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 3.5 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം നൽകിവരുന്നു.

ശുപാർശ 14 (ഖണ്ഡിക 40)

നീതി മെഡിക്കൽ സ്റ്റോറുകൾക്കുള്ള സബ്സിഡിവിഹിതം വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ വിലയേറിയ ജീവൻരക്ഷാ ഔഷധങ്ങൾ പാവപ്പെട്ട രോഗികൾക്ക് പലപ്പോഴും വാങ്ങാൻ കഴിയാത്തതിനാൽ അത്തരം ഔഷധങ്ങൾ ബി.പി.എൽ. റേഷൻ കാർഡുള്ളവർക്കെങ്കിലും പ്രത്യേക സബ്സിഡി യോടെ വിതരണം ചെയ്യാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശുപാർശയുടെ അടിസ്ഥാനത്തിൽ ഇതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കൺസ്യൂമർ ഫെഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശുപാർശ 15 (ഖണ്ഡിക 41)</u>

നീതി സ്റ്റോറുകളുടെ പ്രവർത്തനം അപഗ്രഥിച്ച് പരിഷ്കാരങ്ങൾ വരുത്താൻ സഹകരണ വകുപ്പ് ശ്രമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉത്സവകാലങ്ങളിൽ പൊതുമാർക്കറ്റിലെ വിലയേക്കാൾ സാധനങ്ങൾ വിലകുറച്ചു കൊടുത്തുകൊണ്ട് കൺസ്യൂമർ ഫെഡറേഷൻ കേരളത്തിലുടനീളം മാർക്കറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. ഈ നഷ്ടം നികത്തുന്നതിന് സർക്കാർ 2008-09 വർഷത്തിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും കൂടാതെ 5 കോടി രൂപ ആദ്യ എസ്.ഡി.ജി.-യിൽ വകയിരുത്തിയിട്ടുമുണ്ട്.

നീതി സ്റ്റോറുകൾവഴി മരുന്നുകൾ വിലകുറച്ചു നൽകിവരുന്നുണ്ട്.

<u>ശുപാർശ 16 (ഖണ്ഡിക 46)</u>

പാഴ്ച്ചെലവുകൾ ഒഴിവാക്കി ആധുനികവൽക്കരണത്തിലൂടെയും ഊർജ്ജസ്വലമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും കേരളത്തിലെ ഉപഭോക്തൃ വിപണന രംഗത്തു പ്രവർത്തിക്കുന്ന സംഘങ്ങളെ നഷ്ടത്തിൽനിന്നും കരകയറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരഫെഡിന്റെ 2005-06 വരെയുള്ള ആഡിറ്റ് പൂർത്തിയായപ്പോൾ ആകെ നഷ്ടം 42,62,99,419.26 രൂപയാണ്. ക്രെഡിറ്റ് മേഖലയൊഴികെയുള്ള അപ്പക്സ് വിപണന സഹകരണ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കിക്കൊണ്ട് പ്രസ്തുത സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഒരു യോഗം 2-1-2008-ൽ നടത്തിയിട്ടുള്ളതും, അനുബന്ധതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദുർബലാവസ്ഥയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ളവയിൽ പവർ പോയിന്റ് പ്രസന്റേഷൻ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. അപ്പക്സ് ഫെഡറേഷനുകളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സർക്കാർതലത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായിട്ടുള്ള പ്രാരംഭനടപടികൾ പൂർത്തീകരിച്ചുവരുന്നു.

കൺസ്യൂമർ ഫെഡറേഷന്റെ നഷ്ടം കുറയ്ക്കുന്നതിനും ജില്ലാ മൊത്തവ്യാപാര സ്റ്റോറുകൾ, പ്രാഥമിക കൺസ്യൂമർ സംഘങ്ങൾ എന്നിവ ആധുനികമാക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജില്ലാ മൊത്തവ്യാപാര സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ മൊത്തവ്യാപാര സ്റ്റോർ പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ എന്നിവരുടെ യോഗം 26-2-2007-ൽ നടത്തി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ സർക്കാരിന്റെ പരിഗണനയിലുമാണ്. മൊത്തവ്യാപാര സ്റ്റോറുകളുടെ പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള തീരുമാനമനുസരിച്ച് തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലാ മൊത്തവ്യാപാര സ്റ്റോറുകൾ സാമ്പത്തിക സഹായത്തിനുള്ള പ്രോജക്ടുകൾ സമർപ്പിച്ചതിന്മേൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനായി 90,000 രൂപ ഓഹരിയിനത്തിലും, 10,000 രൂപ സബ്സിഡി ഇനത്തിലും മൊത്തം ഒരു ലക്ഷം രൂപവീതം 3 തവണയായി 3 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ വില്പനയുടെ അടിസ്ഥാനത്തിൽ പരമാവധി 2 ലക്ഷം രൂപവരെ ഓഹരി മൂലധനമായും നൽകുന്നു. കൂടാതെ പ്രാഥമിക കൺസ്യൂമർ സംഘത്തിന് റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിന് ചതുരശ്ര അടി വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 8.5 ലക്ഷം രൂപ വരെയും സാമ്പത്തികസഹായം നൽകിവരുന്നു.

ശുപാർശ 17 (ഖണ്ഡിക 48)

സംസ്ഥാനത്ത് 9 ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതി (ICDP) പൂർത്തിയായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. സഹകരണ സംഘങ്ങളുടെ ആന്തരഘടനാ സംവിധാനം മെച്ചപ്പെടുത്തുന്നതിന് പ്രാമുഖ്യം നൽകുന്ന ഈ പദ്ധതിയുടെ കാലാവധി അഞ്ചുവർഷമാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുകകളിൽ 2003-04-ൽ 90.70 ശതമാനവും 2004-05-ൽ 66.71 ശതമാനവും 2005-06-ൽ 93.59 ശതമാനവും ചെലവഴിച്ചിട്ടുണ്ട് (വിശദാംശം അനുബന്ധം III-ൽ കൊടുത്തിട്ടുണ്ട്). 2004-05-ൽ തുക പൂർണ്ണമായും ചെലവഴിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2004-05 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽക്കൂടി ഐ.സി.ഡി.പി. പദ്ധതി പുതുതായി തുടങ്ങുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നെങ്കിലും ഭരണാനുമതി ലഭ്യമാകാത്തതുകാരണം പദ്ധതി തുടങ്ങാൻ കഴിഞ്ഞില്ല. ആയതിനാൽ 2004-05 വർഷം ഐ.സി.ഡി.പി. പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ പോയതെന്ന് അറിയിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ ഐ.സി.ഡി.പി. പദ്ധതിയുടെ ഒന്നാംഘട്ടം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്.

ശുപാർശ 18 (ഖണ്ഡിക 49)

സഹകരണ സംഘങ്ങളിലൂടെ വികസനം ലക്ഷ്യമാക്കുന്ന സംയോജിത സഹകരണ വികസന പദ്ധതി തുടർപദ്ധതിയാക്കി മാറ്റുവാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഐ.സി.ഡി.പി. പദ്ധതി ഒരു തുടർപദ്ധതിയാണ്. എൻ.സി.ഡി.സി.-യുടെ നിബന്ധനപ്രകാരം പദ്ധതി ഒരു ജില്ലയിൽ അവസാനിച്ച് എട്ടുവർഷം കഴിഞ്ഞാൽ പദ്ധതിയുടെ രണ്ടാം ഘട്ടം പരിഗണിക്കാവുന്നതാണ്. ഈ മാനദണ്ഡം അനുസരിച്ച് വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിൽ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വയനാട് ജില്ലയുടെ ഐ.സി.ഡി.പി. രണ്ടാം ഘട്ടം തൻവർഷം പൂർത്തിയാകുന്നതാണ്. പാലക്കാട് ജില്ലയിലെ ഐ.സി.ഡി.പി. രണ്ടാം ഘട്ടം തുടങ്ങുന്നതിന് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച അപേക്ഷയും തൃശ്ശൂർ ജില്ലയിൽ ഐ.സി.ഡി.പി. രണ്ടാം ഘട്ടം തുടങ്ങുന്ന തിനുള്ള അപേക്ഷയും, സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഐ.സി.ഡി.പി.-യുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് ഐ.സി.എം. തിരുവനന്തപുരം പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആയത് പ്രകാരം ജില്ലാതല മീറ്റിംഗ് കൂടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശുപാർശ 19 (ഖണ്ഡിക 51)

ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇടപാടുകൾ വേഗതയിൽ നടത്തിക്കൊടുക്കുന്നതിനും പര്യാപ്തമായ രീതിയിൽ മെമ്പർ എഡ്യൂക്കേഷൻ പ്രോഗ്രാം കാലാനുസൃതമായി പരിഷ്കരിച്ച് മുന്നോട്ടുകൊണ്ടുപോകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന സഹകരണ യൂണിയൻ അംഗതലത്തിൽ സഹകരണ വിദ്യാഭ്യാസ മാണ് പ്രധാനമായും നടത്തുന്നത്. എന്നാൽ സഹകരണ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇടപാടുകൾ വേഗത്തിൽ നടത്തുന്നതിനും ജീവനക്കാരെ പര്യാപ്തമാക്കുന്ന രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ തിരുവനന്തപുരം, കണ്ണൂർ എന്നീ സ്ഥാപനങ്ങൾവഴിയും, അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേനയും പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. ഭരണസമിതി അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം കൂടുതൽ നൽകത്തക്കവിധത്തിൽ പരിശീലനം നൽകിവരുന്നുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

സഹകരണ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഇടപാടുകൾ വേഗത്തിലാക്കുന്നതിന് ജീവനക്കാരെ പര്യാപ്തമാക്കുന്നതിനുവേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റും, അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും മുഖേന എത്ര ജീവനക്കാർക്ക് ഇതുവരെ പരിശീലനം

നൽകിയിട്ടുണ്ടെന്നും പരിശീലനത്തിന് ടൈം ഷെഡ്യൂൾ നിശ്ചയിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കുക.

സർക്കാർ സ്വീകരിച്ച നടപടി

സഹകരണ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഇടപാടുകൾ വേഗത്തിലാക്കുന്നതിന് ജീവനക്കാരെ പര്യാപ്തമാക്കുന്നതിനുവേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്-കണ്ണൂർ, തിരുവനന്തപുരം, അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം എന്നിവ മുഖേന 2006-07, 2007-08, 2008-09 വർഷങ്ങളിൽ 501 പ്രോഗ്രാമുകളിലായി 11985 ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പരിശീലനങ്ങൾക്കുവേണ്ടി ടൈം ഷെഡ്യൂൾ നിശ്ചയിച്ചിട്ടുണ്ട്.

ശുപാർശ 20 (ഖണ്ഡിക 52)

സഹകരണ സ്ഥാപനങ്ങളിലെ ഭരണാധികാരികളുടെ നേതൃത്വശക്തിയും ഇച്ഛാശക്തിയും മാനേജ്മെന്റ് സാങ്കേതികജ്ഞാനവും വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരുടെ കാര്യശേഷിയും സാങ്കേതിക വൈദഗ്ദ്ധ്യവും ഏറ്റവും ഉന്നത നിലവാരത്തിലുള്ളതാക്കുന്നതിനുമുള്ള പരിശീലനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ മെമ്പർ എഡ്യൂക്കേഷൻ പ്രോഗ്രാംവഴി കഴിയണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന സഹകരണ യൂണിയൻ അംഗതലത്തിൽ സഹകരണ വിദ്യാഭ്യാസമാണ് പ്രധാനമായും നടത്തുന്നത്. എന്നാൽ സഹകരണ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇടപാടുകൾ വേഗത്തിൽ നടത്തുന്നതിനും ജീവനക്കാരെ പര്യാപ്തമാക്കുന്ന രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ തിരുവനന്തപുരം, കണ്ണൂർ എന്നീ സ്ഥാപനങ്ങൾ വഴിയും, അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേനയും പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. ഭരണസമിതി അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം കൂടുതൽ നൽകത്തക്ക വിധത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ 21 (ഖണ്ഡിക 54)

ആശുപത്രി സഹകരണ സംഘങ്ങളെക്കുറിച്ച് പഠനം നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരണ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ സഹകരണ ആശുപത്രി മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഇ. നാരായണൻ ചെയർമാനായി നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

ശുപാർശ 22 (ഖണ്ഡിക 55)

പ്രധാന നഗരങ്ങളിലും വലിയ ആശുപത്രികൾക്കടുത്തും ലാബുകളും ക്ലിനിക്കുകളും സ്കാനിംഗ് സെന്ററുകളും പേ വാർഡുകളും നിർമ്മിക്കുന്നതിനും രോഗികൾക്ക് കുറഞ്ഞ ചെലവിൽ സേവനം ലഭ്യമാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സഹകരണ ആശുപത്രികളിൽ ക്ലിനിക്കൽ ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

സമിതി ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ഖണ്ഡികയിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി തൃപ്തിക രമല്ലെന്നും സഹകരണ മേഖലയുടെ പണം ജനസേവനത്തിനുവേണ്ടി ഉപയോഗപ്പെടു ത്തണമെന്നും, പ്രധാനപ്പെട്ട നഗരങ്ങളിലും ആശുപത്രികളുടെ സമീപവും സ്കാനിംഗ് സെന്ററുകളും ലാബുകളും ക്ലിനിക്കുകളും ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്നുള്ള സമിതിയുടെ ശുപാർശയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ സഹകരണ വകുപ്പ് സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ എന്ന വിവരം സമിതിയെ അറിയിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തൊട്ടാകെ 55-ൽപ്പരം ചെറുതും, വലുതുമായ സഹകരണ ആശുപത്രികളിലായി 49-ൽപ്പരം ലാബുകളും, 47-ൽപ്പരം ക്ലിനിക്കുകളും, 27-ൽപ്പരം സ്കാനിംഗ് സെന്ററുകളും, 38-ൽപ്പരം പേവാർഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

(1) മലപ്പുറം ജില്ലയിലെ പി.എം.എസ്.എ. മെമ്മോറിയൽ സഹകരണ ആശുപത്രി യിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവർ നടത്തുന്ന വൃദ്ധൻമാരുടെ ചികിത്സ, പെയിൻ ആന്റ് പാലിയേറ്റീവ് ചികിത്സ തുടങ്ങിയ സേവന പ്രവർത്തനങ്ങൾക്ക് ആശുപത്രി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വാർഡിലെ മൊത്തം കിടക്കകളുടെ 20 ശതമാനം ഇതിനായി മാറ്റിവച്ചിട്ടുണ്ട്. ഇത്തരം രോഗികൾക്ക് സൗജന്യ വൈദ്യ പരിശോധന, മരുന്നുകൾ എന്നിവ ഐ.എം.എ. ആശുപത്രിയിലെ ഡോക്ടർമാർ സന്നദ്ധസംഘടനകൾ എന്നിവരുമായി ഏകോപിപ്പിച്ച് സൗജന്യ ചികിത്സ നൽകുക, നിർദ്ധനർ, എസ്.സി.എസ്.റ്റി മറ്റു ട്രൈബൽ വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികളെ സർക്കാർ ആശുപത്രിയിൽ നിന്ന് സൗകര്യക്കുറവുമൂലം റഫർ ചെയ്തുവരുന്ന രോഗികൾക്കു സൗജന്യ ചികിത്സ നൽകിവരുന്നു.

(2) ഇ.എം.എസ്. സ്മാരക സഹകരണ ആശുപത്രി ആന്റ് റിസർച്ച് സെന്ററും ഇ.എം.എസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റും സംയുക്തമായി പാവപ്പെട്ട ഹൃദ്രോഗികൾക്ക് സൗജന്യമായി ഹൃദയശസ്ത്രക്രിയയും, ഡയാലിസിസ് ആവശ്യമായ രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ഡയാലിസിസും ചെയ്തു കൊടുക്കുന്നു. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സൗജന്യസേവനം ലഭ്യമാക്കിക്കൊണ്ട് സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. ക്യാമ്പിൽ പങ്കെടുത്ത് ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് പരിശോധനകളുടെയും ടെസ്റ്റുകളുടെയും ഫീസിനത്തിൽ 10% കിഴിവ് അനുവദിക്കുന്നുണ്ട്.

(3) തലശ്ശേരി എ.കെ.ജി. മെമ്മോറിയൽ സഹകരണ ആശുപത്രിയുടെകീഴിൽ എ.കെ.ജി മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ആഭിമുഖ്യത്തിൽ മാരക രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നുണ്ട്.

(4) ഇരിങ്ങാലക്കുട സഹകരണ ആശുപത്രിയിൽ ബി.പി.എൽ. കാർഡ് ഉള്ളവർക്കും, ആർ.എസ്.ബി.വൈ.-ക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നു.

(5) കടവന്ത്രയുള്ള ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഇളവനുവദിച്ച് നൽകുന്നുണ്ട്.

(6) തൃക്കാക്കര സഹകരണ ആശുപത്രിയിൽ കേന്ദ്രസർക്കാർ സ്കീമായ ആർ.എസ്.ബി.വൈ.-യിൽ എം.പാനലിൽ ഉൾപ്പെടുത്തിയിട്ടുള്ളവർക്ക് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ള നിരക്കിൽ ചികിത്സ നൽകിവരുന്നുണ്ട്.

(7) കേരള സ്റ്റേറ്റ് കോ-ഓപ്പേററ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസ് ലിമിറ്റഡിൽ (പരിയാരം) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട രോഗികൾക്ക് ചികിത്സാ ചെലവിൽ 20 ശതമാനം കിഴിവ് അനുവദിച്ചുവരുന്നുണ്ട്.

(8) കേപ്പിന്റെ കീഴിലുള്ള കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ബി.പി.എൽ. റേഷൻ കാർഡിന്റെ അടിസ്ഥാനത്തിലാണ് സൗജന്യ ചികിത്സ നൽകിവരുന്നത്.

(9) തളിപ്പറമ്പ് സഹകരണ ആശുപത്രിയിൽ പാവപ്പെട്ടവർക്ക് 25% ഫീസ് ഇളവ് നൽകിവരുന്നുണ്ട്.

(10) പയ്യന്നൂർ സഹകരണ ആശുപത്രിയിൽ ബി.പി.എൽ. കാർഡ് ഉടമകൾക്ക് ബെഡ് ചാർജ്ജ്, ക്ലീനിംഗ് ചാർജ്ജ്, നേഴ്സിംഗ് ചാർജ്ജ് എന്നിവ സൗജന്യമാക്കിയിട്ടുണ്ട്. മെഡിക്കൽ ബിൽ ഇനത്തിൽ 10% കുറവ് അനുവദിക്കുന്നുണ്ട്.

(11) പി.ആർ. കുറുപ്പ് മെമ്മോറിയൽ ആശുപത്രിയിൽ ആദിവാസികൾക്കു മാത്രമായി സൗജന്യ ചികിത്സ നൽകിവരുന്നു.

(12) കൂത്തുപറമ്പ് സഹകരണ ആശുപത്രിയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളുടെ സൗജന്യ ചികിത്സയ്ക്കായി 'രാഷ്ട്രീയ സ്വാസ്ഥി ഭീമയോജന' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(13) കണ്ണൂർ സഹകരണ ആശുപത്രിയിൽ ജനറൽ വാർഡിൽ പ്രവേശിപ്പിക്കുന്ന പാവപ്പെട്ട രോഗികൾക്ക് 25 ശതമാനം ഫീസിളവ് അനുവദിക്കുന്നുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു.

ശുപാർശ 23 (ഖണ്ഡിക 57)

ഭവനനിർമ്മാണ രംഗത്ത് സജീവ സാന്നിദ്ധ്യമായി നിൽക്കുന്ന ഹൗസിംഗ് ഫെഡറേഷൻ വാണിജ്യ ബാങ്കുകളുടെ പ്രവർത്തനത്താൽ സമ്മർദ്ദത്തിലാണെന്ന് സമിതി വിലയിരുത്തുന്നു. മറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് പ്രവർത്തിക്കുന്നതിനാൽ പലിശ നിരക്ക് കുറയ്ക്കുകയെന്ന കാര്യം ബുദ്ധിമുട്ടാകുമെന്നതിനാൽ സ്വന്തം മൂലധന സ്വരൂപണം ശക്തിപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിൽ പ്രത്യേകിച്ചും ചെറുകിട ഭവന നിർമ്മാണത്തിന് കുറഞ്ഞ പലിശയ്ക്ക് പണം നൽകി ആ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രാധാന്യം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഹൗസിംഗ് ഫെഡറേഷൻ മുഖേനയാണ് പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നത്. ഫെഡറേഷന്റെ മുഖ്യ ധനകാര്യ ഏജൻസിയായ എൽ.ഐ.സി. അനുവദിക്കുന്ന വായ്പ നിരക്കിൽ നിന്ന് 2% അധികം മാത്രമാണ് ഗുണഭോക്താവിന് നൽകേണ്ടിവരുന്ന പലിശ നിരക്ക്. ഈ സാഹചര്യത്തിൽ എൽ.ഐ.സി. ഹൗസിംഗ് ഫെഡറേഷൻ എന്നിവർ പലിശ നിരക്ക് കുറച്ചാൽ മാത്രമേ ഭവന നിർമ്മാണത്തിന് സംഘങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകാൻ കഴിയുകയുള്ളൂ.

ശുപാർശ 24 (ഖണ്ഡിക 60)

പത്ര പരസ്യത്തിലൂടെ ഒഴിവുള്ള തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച് എഴുത്തു പരീക്ഷ നടത്തി അഭിമുഖത്തിനർഹരായവരുടെ ലിസ്റ്റ് ബാങ്ക് ഭരണ സമിതിക്ക് അയയ്ക്കുകയും അഭിമുഖത്തിന് ലഭിച്ച മാർക്ക് ഭരണ സമിതി സംസ്ഥാന സഹകരണ എക്സാമിനേഷൻ ബോർഡിനെ അറിയിക്കുകയും 2 മാർക്കുകളും ചേർത്ത് ഫൈനൽ ലിസ്റ്റ് സംഘത്തിനയയ്ക്കുകയും സംഘം പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയുമാണ് ചെയ്തുപോരുന്നത്. എഴുത്തുപരീക്ഷയ്ക്ക് 80 മാർക്കും ഇന്റർവ്യൂവിന് 20 മാർക്കുമാണ് വ്യവസ്ഥ ചെയ്യുന്നത്. 80 മാർക്കിന്റെ എഴുത്തു പരീക്ഷയിൽ 30 ശതമാനം മാർക്കോ (24 മാർക്ക്) അതിലധികമോ ലഭിക്കുന്നവരുടെ ലിസ്റ്റാണ് അഭിമുഖത്തിനായി സംഘം ഭരണ സമിതിക്ക്

അയച്ചുകൊടുക്കുന്നത്. അതിനാൽ തന്നെ ഒഴിവുകളുടെ എട്ടോ പത്തോ ഇരട്ടി ആളുകൾ ഇന്റർവ്യൂവിനെത്തേണ്ടുന്ന അവസരമുണ്ടാകുന്നു. പരീക്ഷകളിലെ മത്സരപ്രവണത ശക്തിയാർജ്ജിച്ചിരിക്കുന്ന ഇക്കാലത്ത് അഭിമുഖത്തിന് അർഹത നേടുവാൻ എഴുത്തു പരീക്ഷയിൽ കുറഞ്ഞ മാർക്ക് 30 ശതമാനം എന്നുള്ളത് 40 ശതമാനമാക്കി ഉയർത്തുന്ന കാര്യം ആലോചിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് മുഖേന നടക്കുന്ന നിയമനത്തിൽ അഭിമുഖത്തിനർഹത നേടുന്നതിനുള്ള മാർക്ക് 30 ശതമാനം എന്നത് 40 ശതമാനം ആക്കി ഉയർത്തിക്കൊണ്ട് 1969 കേരള സഹകരണ സംഘം ചട്ടത്തിൽ 15-12-2003-ലെ ജി.ഒ. (പി) 271/03/സഹ. നമ്പർ നോട്ടിഫിക്കേഷൻ (എസ്.ആർ.ഒ. നമ്പർ 1185/03) പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.

ശുപാർശ 25 (ഖണ്ഡിക 61)

സഹകരണസംഘങ്ങളിലെ നേരിട്ടുള്ള നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ ത്തിന് 10% സംവരണം സഹകരണ നിയമം വകുപ്പ് 80(4) പ്രകാരം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 10 പേരിൽ കുറവാണ് സംഘത്തിലെ ജീവനക്കാരെങ്കിൽ സംവരണതത്വം പാലിക്കാൻ കഴിയില്ലെന്ന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതി യുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വ്യത്യസ്ത തസ്തികകളിലേക്ക് കുറഞ്ഞ എണ്ണം നിയമനങ്ങൾ നടത്തുന്ന അവസ്ഥയാണ് നിലവിലുള്ളത്. കഴിഞ്ഞ മൂന്നുവർഷം നിയമിച്ചവരുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം V ആയി ചേർത്തിരിക്കുന്നു. പ്രസ്തുത പട്ടികയനുസരിച്ച് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സഹകരണ സ്ഥാപനങ്ങ ളിൽ 2748 തസ്തികകളിൽ നിയമനം നടത്തുകയുണ്ടായി. അതിൽ 97 പേരെയാണ് സംവരണപ്രകാരം നിയമിച്ചിരിക്കുന്നത്. ഇതിൽ നിന്നും പലയിടത്തും സംവരണതത്വം പൂർണ്ണമായി പാലിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കുന്നു. ആയതിനാൽ പുതിയതായി നിയമിക്കുന്നവരുടെ എണ്ണമല്ല, സ്ഥാപനത്തിൽ അതേ തസ്തികയിൽ ആകെയുള്ള ഉദ്യോഗസ്ഥരുടെ എണ്ണവുമായി താരതമ്യം ചെയ്ത് സംവരണതത്വം പാലിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളവർക്ക് 10% സംവരണം ഉറപ്പ് വരുത്തുന്നതിനായി ടി സ്ഥാപനങ്ങ ളിലെ ആകെ തസ്തികകളുടെ 10% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളവർക്കായി സംവരണം ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ 31-3-2010-ലെ 19/2010 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു (അനുബന്ധം പേജ് 25).

സമിതി ആവശ്യപ്പെട്ട അധികവിവരം

ഓരോ സഹകരണ സ്ഥാപനത്തിലെയും നിയമനത്തിന് അംഗീകാരം കൊടുക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ 10 ശതമാനം സംവരണം നൽകിയിട്ടുണ്ടോയെന്ന് ജോയിന്റ് രജിസ്ട്രാർ ഉറപ്പുവരുത്തേണ്ടതാണെന്ന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

കേരള സഹകരണസംഘം നിയമം വകുപ്പ് 80-ൽ 25-2-1985 മുതൽ പ്രാബല്യത്തിൽവന്ന ഉപവകുപ്പ് (4) പ്രകാരം സഹകരണ സംഘങ്ങളിലേക്ക് നേരിട്ട് നടത്തുന്ന നിയമനങ്ങളിൽ മൊത്തം തസ്തികകളുടെ പത്ത് ശതമാനം പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായി സംവരണം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആയത് പ്രാബല്യത്തിൽ വരുത്തി പ്രസ്തുത പ്രാതിനിധ്യം നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും കൂടാതെ നിരവധി തവണ എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ നിയമാനുസൃത പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നിയമനത്തിന് അംഗീകാരത്തിനായി സംഘം അപേക്ഷ സമർപ്പിക്കുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് 10% സംവരണം നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ബന്ധപ്പെട്ട എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പത്തിൽത്താഴെ ജീവനക്കാരുള്ള സംഘങ്ങളിലെ മറ്റ് ഒറ്റപ്പെട്ട ചില സംഘങ്ങളിലും സംവരണ അനുപാതം കൃത്യമായി പാലിക്കപ്പെട്ടിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അപ്രകാരമുള്ള സംഘങ്ങളിൽ ഇനിയുള്ള നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും നിയമനം നടത്തി നിയമാനുസൃത സംവരണ അനുപാതം പാലിക്കുന്നതിനായി സംഘം ഭരണസമിതികൾ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അപ്രകാരമുള്ള ഭരണ സമിതി തീരുമാനത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് നിയമാനുസൃത സംവരണാനുപാതം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് സഹകരണ സംഘം രജിസ്ട്രാർ മുഖേന വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സവിനയം ബോധിപ്പിച്ചുകൊള്ളുന്നു.

ശുപാർശ 26 (ഖണ്ഡിക 63)

സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ഡയറി കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, എം.ബി.എ തുടങ്ങിയ കോഴ്സുകൾ നടത്തിവരുന്നു. എം.ബി.എ. കോഴ്സുകൾ പ്രൈവറ്റ് വിദ്യാർത്ഥികൾക്കും എച്ച്.ഡി.സി.എം. കോഴ്സ് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്കും സഹകരണ ജീവനക്കാർക്കും, പ്രൈവറ്റ് വിദ്യാർത്ഥികൾക്കുമായി

നടത്തുന്നു. ഈ കോഴ്സുകൾ വകുപ്പ് ഉദ്യോഗസ്ഥർക്കും സഹകരണ ജീവനക്കാർക്കു മായാണ് നടത്തുന്നത്. മദ്ധ്യ കേരളത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് കൂടി ആരംഭിക്കുന്നതിന് എൻ.സി.സി.റ്റി.-യിൽ സമ്മർദ്ദം ചെലുത്തുന്ന തിനും എം.ബി.എ.-ക്കൊപ്പം എം.സി.എ. പോലുള്ള കോഴ്സുകൾ കൂടി ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാർ നിയമമനുസരിച്ച് ഓരോ സംസ്ഥാനത്തും ഓരോ ഐ.സി.എം. ഇൻസ്റ്റിറ്റ്യൂട്ട് ആണ് പ്രവർത്തിക്കുന്നത്. എൻ.സി.സി.റ്റിയിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. കേരളത്തിലെ രണ്ടാമത്തെ ഇൻസ്റ്റിറ്റ്യൂട്ട് ആയ ഐ.സി.എം. കണ്ണൂരിന്റെ പ്രവർത്തന ചെലവുകൾ 1:1 എന്ന അനുപാതത്തിൽ എൻ.സി.സി.റ്റി.യും കേരള സർക്കാരും ചേർന്നാണ് വഹിക്കുന്നത്. ഐ.സി.എം. കണ്ണൂരിന്റെ പ്രവർത്തനത്തിന് ആവശ്യമായ കോസ്റ്റിന്റെ 50% ധനസഹായം സംസ്ഥാന സർക്കാർ ഗ്രാന്റ്-ഇൻ-എയിഡ് ആയി നൽകിവരുന്നു. മദ്ധ്യകേരളത്തിൽ ഒരു ഐ.സി.എം. ആരംഭിക്കുന്നതിന് ധനവും സ്ഥലവും ആവശ്യമായതിനാൽ ഇതുവരെ നയപരമായ ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ 27 (ഖണ്ഡിക 64)

സഹകരണ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം എന്നിവയ്ക്കായി സംസ്ഥാന സഹകരണ യൂണിയൻ പ്രവർത്തിക്കുന്നു. സർക്കാരിൽ നിന്ന് ട്രെയിനിംഗ് കോളേജുകളുടെ നടത്തിപ്പിനായി ഗ്രാന്റ്-ഇൻ-എയിഡ് സഹായം ലഭിക്കുന്നു. ജെ.ഡി.സി., എച്ച്.ഡി.സി. തുടങ്ങി കോഴ്സുകൾ നടത്തുന്നതിനായി 9 ട്രെയിനിംഗ് കോളേജുകൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നു. വിദ്യാർത്ഥി പ്രവേശനത്തിലും ഉദ്യോഗ നിയമനങ്ങളിലും സംവരണ തത്വങ്ങൾ പാലിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപനത്തിന് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുകയും അദ്ധ്യയനം കുറ്റമറ്റതാക്കുകയും ആധുനിക ബാങ്കിംഗ് സംവിധാനമുൾപ്പെടെയുള്ള പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സഹകരണ ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപനത്തിന് പാർട്ട് ടൈം ലക്ച്ചറർമാരും ഗസ്റ്റ് ലക്ച്ചറർമാരും സേവനമനുഷ്ഠിച്ചുവരുന്നുണ്ട്. സ്ഥിരം അദ്ധ്യാപകരെ നിയമിക്കുകയും അദ്ധ്യാപനം കുറ്റമറ്റതാക്കുകയും ചെയ്യണമെന്നുള്ള സമിതിയുടെ ശുപാർശ സംസ്ഥാന സഹകരണ യൂണിയന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആധുനിക ബാങ്കിംഗ് വിഷയങ്ങളായ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ, ബാങ്കിംഗ് മാനേജ്മെന്റ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി പാഠ്യപദ്ധതി പരിഷ്ക്കരിക്കുകയും അതിനായി പ്രത്യേക കോഴ്സ് മോഡ്യൂൾ തയ്യാറാക്കി മോഡ്യൂൾ പ്രകാരം അദ്ധ്യാപനം നടത്തുകയും ചെയ്തുവരുന്നുണ്ട്.

ശുപാർശ 28 (ഖണ്ഡിക 65)

സഹകരണ ജീവനക്കാർക്കുള്ള വ്യത്യസ്തങ്ങളായ പരിശീലന പദ്ധതികളും മെമ്പർ എഡ്യൂക്കേഷൻ പ്രോഗ്രാം എന്നിവയും സഹകരണ യൂണിയന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. 17-6-1999-ലെ ഉത്തരവുപ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA) എന്ന പേരിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ അനുമതി ലഭിച്ചുവെങ്കിലും പ്രസ്തുത സ്ഥാപനം വിപുലമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടില്ലെന്നാണ് സമിതിക്കു മനസ്സിലാക്കാനായത്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന് കൂടുതൽ ശാഖകൾ തുടങ്ങി എം.ബി.എ., എം.സി.എ. മറ്റു പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിച്ചിട്ടുണ്ട്. 2009-10 വർഷത്തിൽത്തന്നെ എം.ബി.എ. കോഴ്സ് ആരംഭിച്ചിട്ടുണ്ട്. 2010-11-ൽ കോഴ്സിന്റെ 2 ബാച്ചുകൾ നടത്തിവരുന്നുണ്ട്. എം.സി.എ. കോഴ്സിന്റെ അംഗീകാരത്തിനായുള്ള അപേക്ഷ എ.ഐ.സി.ഇ.-യുടെ സജീവ പരിഗണനയിലാണ്. കൂടാതെ സഹകാരികൾക്കും ജീവനക്കാർക്കും ഹ്രസ്വകാല പരിശീലനം, മറ്റ് റിഫ്രഷർ കോഴ്സുകൾ, മാനേജ്മെന്റ് ലീഡർഷിപ്പ് ട്രെയിനിംഗ് തുടങ്ങിയവയും നടത്തിവരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, എം.ബി.എ. ബ്ലോക്ക് കെട്ടിടം, ഹോസ്റ്റൽ, കാന്റീൻ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് കൂടുതൽ ശാഖകൾ തുടങ്ങി മറ്റ് പ്രൊഫഷണൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള കമ്മിറ്റിയുടെ ശുപാർശ സംസ്ഥാന സഹകരണ യൂണിയന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ 29 (ഖണ്ഡിക 68)

സഹകരണ ജീവനക്കാർക്ക് ഏറെ പ്രയോജനപ്പെടുന്ന പെൻഷൻ ഫണ്ട് വിനിയോഗം കുറ്റമറ്റതാക്കുന്നതിനും പെൻഷൻ പറ്റുന്നവർക്ക് കാലതാമസമില്ലാതെ പെൻഷൻ അനുവദിക്കുന്നതിനും ബോർഡ് ശ്രദ്ധചെലുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പെൻഷൻ പറ്റുന്നവർക്ക് കാലതാമസമില്ലാതെ പെൻഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം പെൻഷൻ ബോർഡിന് നൽകിയിട്ടുണ്ട്. ക്രമപ്രകാരമുള്ള എല്ലാ പെൻഷനുകളും കാലതാമസമില്ലാതെ അനുവദിച്ച് നൽകുന്നുണ്ട്. പെൻഷൻ ഫണ്ടിന്റെ വിനിയോഗം കുറ്റമറ്റതാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

സഹകരണ ജീവനക്കാരുടെ പെൻഷൻ കാലതാമസമില്ലാതെ അനുവദിക്കണമെന്ന സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ എത്ര അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചുവെന്നും ഇനി എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുവാനുണ്ടെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും ആരായാൻ തീരുമാനിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

സഹകരണ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി ജി.ഒ. (പി) 44/95/സഹ. ഉത്തരവ് പ്രകാരമാണ് സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ജീവനക്കാർ വിരമിക്കുമ്പോൾ പെൻഷൻ നൽകുന്നതിനായി എംപ്ലോയർ സ്ഥാപനങ്ങൾ അടവാക്കുന്ന വിഹിതമാണ് പെൻഷൻ ഫണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു ജീവനക്കാരൻ വിരമിക്കുന്നതിന് ഒരു വർഷം മുമ്പ് പെൻഷൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പെൻഷൻ അപേക്ഷ ലഭിച്ചാൽ സർവ്വീസ് വിവരങ്ങൾ, പെൻഷൻ ഫണ്ട് വിവരങ്ങൾ എന്നിവ പരിശോധിച്ച് പെൻഷൻ ഫണ്ട് അടവാക്കി കുടിശ്ശികയാണെങ്കിൽ ആയതിന് ഡിമാന്റ് നോട്ടീസ് നൽകി കുടിശ്ശിക അടയ്ക്കുന്ന മുറയ്ക്ക് പെൻഷൻ ബോർഡിന്റെ ഭരണ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് പെൻഷൻ അനുവദിക്കുന്നതാണ്. പെൻഷൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ സഹിതം ക്രമപ്രകാരം ലഭിക്കുന്ന അപേക്ഷയിൽ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം പരിശോധന പൂർത്തിയാക്കി പരമാവധി 4 മാസത്തിനകം പെൻഷൻ അനുവദിച്ചുവരുന്നുണ്ട്. ഏതെങ്കിലും വിധത്തിലുള്ള തർക്കങ്ങൾ, കോടതി വ്യവഹാരങ്ങൾ എന്നിവ നിലനിൽക്കുന്ന അപേക്ഷകളിൽ മാത്രമേ കാലതാമസം വരാറുള്ളൂ. പെൻഷൻ ഫണ്ട് പൂർണ്ണമായും അടവാക്കാത്ത കേസുകളിൽ പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനായി ആനുപാതിക പെൻഷൻ അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്.

31-8-2012-ലെ കണക്ക് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ, സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ, സഹകരണേതര വകുപ്പുകളുടെ പരിധിയിലുള്ള സംഘങ്ങൾ എന്നിവയുൾപ്പെടെ 3329 സ്ഥാപനങ്ങൾ പദ്ധതിയിൽ അംഗങ്ങളാണ്. ടി സ്ഥാപനങ്ങളിൽ നിന്നായി 45179 ജീവനക്കാർ പദ്ധതിയിൽ അംഗങ്ങളാണ്. 10592 വിരമിച്ച ജീവനക്കാർക്ക് 31-8-2012 വരെ പെൻഷൻ/ഫാമിലി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

നാളിതുവരെ പെൻഷൻ ബോർഡിൽ ലഭിച്ച പെൻഷൻ അപേക്ഷകളിൽ 494 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുണ്ട്. ആയതിൽ 385 അപേക്ഷകൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട ജില്ലകളിലെ പെൻഷൻ ഫണ്ട് ഇൻസ്പെക്ടർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 109 അപേക്ഷകൾ പെൻഷൻ ഫണ്ട് കുടിശ്ശികയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകി കുടിശ്ശിക പൂർണ്ണമായും അടവാക്കാത്തവയുമാണ്.

ആവശ്യമായ രേഖകൾ സഹിതം പെൻഷൻ ബോർഡിൽ നിയമാനുസൃതം ലഭിക്കുന്നതും പെൻഷൻ ഫണ്ട് കുടിശ്ശിക പൂർണ്ണമായും അടവാക്കിയതുമായ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് യാതൊരു കാലതാമസവും വരുത്തുന്നില്ല എന്ന് അറിയിക്കുന്നു.

ശുപാർശ 30 (ഖണ്ഡിക 72)

വരൾച്ച, കാലവർഷക്കെടുതി, മറ്റു പ്രകൃതിക്ഷോഭങ്ങൾ, ഉല്പന്നങ്ങളുടെ വിലയിടിവ് എന്നിവയുണ്ടാകുമ്പോൾ സർക്കാർ നേരിട്ടു സഹായം നൽകുകയും പ്രസ്തുത സഹായം വായ്പകളിലേക്ക് വരവുവയ്ക്കുകയും ചെയ്യുന്ന സംവിധാനം ഉണ്ടാക്കുന്നതിനെ കുറിച്ചാലോചിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വരൾച്ച, കാലവർഷക്കെടുതി, മറ്റു പ്രകൃതിക്ഷോഭങ്ങൾ, ഉല്പന്നങ്ങളുടെ വിലയിടിവ് എന്നിവയുണ്ടാകുമ്പോൾ കർഷകർക്ക് ആശ്വാസമായി കേരള കാർഷിക കടാശ്വാസ പദ്ധതിയിൻകീഴിൽ സർക്കാർ അനുവദിച്ചുനൽകുന്ന പലിശയിളവ് ആനുകൂല്യം 2002-03 വർഷം മുതൽ കർഷകരുടെ വായ്പാ കണക്കുകളിലേക്ക് വരവുവച്ച് നൽകിവരുന്നുണ്ട്.

ശുപാർശ 31 (ഖണ്ഡിക 75)

കേരളീയ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായിരുന്ന കാർഷികമേഖല ഇന്ന് അനാകർഷകവും ആദായരഹിതവുമാണ്. റബ്ബർ വില തകർന്നടിഞ്ഞപ്പോഴും റബ്ബർ ഉൽപ്പന്നങ്ങൾക്ക് വില കുറയാതിരുന്നതുപോലെ വിളവെടുപ്പുകാലത്ത് നെല്ലിനു സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലപോലും നൽകാതെ പരിമിത വിലയ്ക്കു നെല്ലു വാങ്ങുമ്പോൾ വിപണിയുടെ നിയന്ത്രണം കയ്യാളുന്നവർ അരിവില കുറയ്ക്കാൻ തയ്യാറായിട്ടില്ല. കാർഷിക വിളകൾക്ക് നല്ലവില ലഭിക്കാതിരിക്കുകയും അതുകൊണ്ടുള്ള ഉൽപ്പന്നങ്ങൾക്കു വൻവില നൽകേണ്ടിവരികയും ചെയ്യുന്ന വൈരുദ്ധ്യാവസ്ഥയ്ക്ക് അറുതി വരുത്തുവാൻ സഹകരണമേഖല ശ്രദ്ധിക്കേണ്ടതാണ്. കാർഷിക വികസന ബാങ്കുകളും ഉപഭോക്തൃ-വിപണന സംഘങ്ങളും സംയുക്തമായി കാർഷിക വിളകൾ ഉൽപ്പന്നങ്ങളാക്കുന്ന ചെറുകിട ഇടത്തരം വ്യവസായങ്ങൾ അനുവദിക്കുന്നതിനും അവ വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിനുമുള്ള പദ്ധതികൾ കൂടുതൽ വ്യാപകമായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക വികസന ബാങ്കുകളും ഉപഭോക്തൃ വിപണന സംഘങ്ങളും സംയുക്തമായി കാർഷിക വിളകൾ ഉൽപ്പന്നങ്ങളാക്കുന്ന ചെറുകിട വ്യവസായങ്ങൾ നിലവിലില്ല. എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങളും വിപണന സംഘങ്ങളും കാർഷിക വിളകൾ ഉൽപ്പന്നങ്ങളാക്കുന്ന ചെറുകിട ഇടത്തര വ്യവസായങ്ങൾ നടത്തി വരുന്നുണ്ട്. 2010-11 സാമ്പത്തികവർഷം 17 പ്രാഥമിക സഹകരണ സംഘങ്ങളായി

13 നാളികേര സംസ്ക്കരണ യൂണിറ്റുകളും, 4 നെല്ലു സംസ്ക്കരണ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. 2011-12 സാമ്പത്തികവർഷത്തിൽ 13 പ്രാഥമിക സഹകരണ സംഘങ്ങളിലായി 11 നാളികേര സംസ്ക്കരണ യൂണിറ്റുകളും 2 നെല്ലു സംസ്ക്കരണ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

ശുപാർശ 32 (ഖണ്ഡിക 77)

കാർഷിക സംഘങ്ങൾ എന്ന നിലയ്ക്ക് ആനുകൂല്യം അനുഭവിക്കുകയും കാർഷിക വായ്പകൾ നൽകാതിരിക്കുകയും ചെയ്യുന്ന സംഘങ്ങൾ ഉണ്ടെന്ന് ആരോപണമുണ്ട്. അത്തരം സംഘങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക സംഘങ്ങൾ എന്ന നിലയ്ക്ക് ആനുകൂല്യം അനുഭവിക്കുകയും കാർഷിക വായ്പകൾ നൽകാതിരിക്കുകയും ചെയ്യുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ (ബാങ്കിംഗ് റെഗുലേറ്ററി ആക്ടിന്റെ പരിധിയിൽ വരാത്തത്) ശാഖകൾ തുറക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ കുറഞ്ഞത് 20% എങ്കിലും കാർഷിക വായ്പ സാമ്പത്തികവർഷമോ അതിനു തൊട്ടുമുമ്പുള്ള വർഷമോ നൽകിയിരിക്കേണ്ടതാണെന്ന വ്യവസ്ഥ കൂടി പാലിക്കേണ്ടതാണെന്ന് സഹകരണ സംഘം രജിസ്.ട്രാറുടെ 2-9-2006-ലെ 39/2006 -ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ജൂലൈ 3.

അനുബന്ധം

No. EM(1)36843/09

Office of the Registrar of Co-operative Societies,
Thiruvananthapuram, Dated 31-3-2010.

CIRCULAR No. 19/10

*Sub*:—Co-operation—Recruitment for appointment of employees in Co-operative Societies—Reservation for candidates belonging: to Scheduled Castes/Tribes—Partial modification—Instructions issued—Reg.

*Ref*:— 1. Registrar's Circular No.46/89 dated 27-7-1989.

2. Registrar's Circular No.66/89 dated 29-11-1989.

3. Registrar's Circular No.18/91 dated 7-6-1991.

4. Judgement of Hon'ble High Court in W.P.(C)Nos. 13257/07 and 14031/07 dated 12-8-2008.

5. Judgement of Hon'ble High Court in W.A. Nos. 2105/08 and 2106/08 dated 27-1-2009.

As per Circular 1st cited, instructions were issued to ensure 10% reservation for the candidate belonging to Schedule Castes/Schedule Tribes for appointment in Co-operative institutions. As per 2nd and 3rd cited, procedure with regard to the recruitment for appointment of employees in Co-operative Societies were issued. Hon'ble High Court as per judgement 4th cited above, has observed that section 80(4) over rides those circulars and therefore, in its terms, runs beyond the scope of Circulars 46/89 and 18/91. The reservation of ten per cent, to satisfy the mandates of section 80(4) of the Act, has to be on the total number of posts to which direct recruitment is the method of appointment. It is also held by Hon'ble High Court that all appointments made in the bank before 25-2-1985 have to be treated as recruitments without any classification on the basis of caste, creed or colour.

In the judgement referred to 5th cited, the Division Bench of Hon'ble High Court of Kerala have also observed that going by section 80(4), 10% of the posts are to be reserved and not vacancies. The reservation has to be applied with reference to the number of posts available, having due regard to the vacancies available in those posts at the time of recruitment.

As per the above judgements of Hon'ble High Court, the instructions in Circular No. 46/89, the 6$^{th}$ condition in 1$^{st}$ paragraph of Circular No. 66/89 and the guideline No. 4(1) and III paragraph of Circular No. 18/91 are modified and following instructions are issued with regard to the reservation for the candidate belonging to Scheduled Castes/Tribes.

"Ten percentage of the total posts should be reserved for candidates belonging to Scheduled Castes and Scheduled Tribes".

All Joint Registrars are directed to bring the contents of this circular to the notice of all Co-operative instructions in the District under the administrative control of Co-operative Department for strict compliance.

RANI GEORGE, IAS,
*Registrar of Co-operative Societies.*

To

1. All Joint Registrars (General and Audit)
2. All Managing Directors of Apex Co-operative institutions
3. All General Managers of District Co-operative Banks
4. All Officers and Section Heads in this Office
5. Editor-cum-Press Relation Officer, Sahakarana Veedhi/ Sahakarana Journal.
6. Website-www.Cooperation.Kerala.gov.in
7. Stock File/Spare.